**RBI/2017-18/181**
**DNBR (PD)CC No.092/03.10.001/2017-18** **മേയ് 31, 2018**

എല്ലാ ഗവൺമെന്റ് എൻബിഎഫ്സികൾക്കും

മാഡം/സർ,

**ഗവൺമെന്റ് ഉടമയിലുള്ള എൻബിഎഫ്സികൾക്ക് അനുവദിച്ചിരുന്ന സൗജന്യങ്ങൾ പിൻവലിക്കുന്നു**

2013 ലെകമ്പനീസ് ആക്ട്, സെക്ഷൻ 2, ക്ലാസ് (45) (1956-ലെ കമ്പനീസ് ആക്ട്സെക്ഷൻ 617)-ൽ നിർവ്വചിച്ചിട്ടുള്ള ഗവൺമെന്റ് ഉടമയിലുള്ളതും റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ എൻബിഎഫ്സികൾ, താഴെപ്പറയുന്ന നിയന്ത്രണപരവും, നിയമപരവുമായിട്ടുള്ള വകുപ്പുകളിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നു.

i) 1934-ലെ ആർബിഐ ആക്ടിലെ 45-IB, 45-IC സെക്ഷനുകൾ

ii) മാസ്റ്റർനിർദ്ദേശങ്ങൾ - ബാങ്കിംഗിതരധനകാര്യകമ്പനി -വ്യവസ്ഥാപിതമായി പ്രാധാന്യമുള്ള, നിക്ഷേപങ്ങൾസ്വീകരിക്കാത്തതും, നിക്ഷേപങ്ങൾ സ്വീകരിക്കുന്നതുമായ കമ്പനികൾക്കുള്ള (റിസർവ്വ്ബാങ്ക്) നിർദ്ദേശങ്ങൾ 2016 മാസ്റ്റർ നിർദ്ദേശങ്ങൾ - ബാങ്കിംഗിതര ധനകാര്യകമ്പനി - അവ്യവസ്ഥാപിതമായി പ്രാധാന്യമുള്ള, നിക്ഷേപങ്ങൾ സ്വീകരിക്കാത്ത കമ്പനികൾക്കായുള്ള (റിസർവ്വ്ബാങ്ക്) നിർദ്ദേശങ്ങൾ 2016 (ഈ നിർദ്ദേശങ്ങളിലെ ഖണ്ഡിക 23-ൽ പറഞ്ഞിട്ടുള്ള വകുപ്പുകൾ ഒഴിവാക്കി)

iii) മാസ്റ്റർ നിർദ്ദേശങ്ങൾ - ബാങ്കിംഗിതര ധനകാര്യകമ്പനികൾ പൊതുജനങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനെ സംബന്ധിച്ചുള്ള (റിസർവ്വ് ബാങ്ക്) നിർദ്ദേശങ്ങൾ 2016 (ഈ നിർദ്ദേശങ്ങളിലെ 36, 37, 41 എന്നീ ഖണ്ഡികളിൽ പറഞ്ഞിട്ടുള്ള വകുപ്പുകൾ ഒഴികെ)

2. ഒരുപുനരവലോകനത്തിൽ, എൻബിഎഫ്സികൾക്കു ബാധകമായ ചട്ടങ്ങൾ, അനുബന്ധത്തിൽ സൂചിപ്പിച്ചിട്ടുള്ള സമയക്രമമനുസരിച്ച്, ഗവൺമെന്റ് എൻബിഎഫ്സികൾക്കും ബാധകമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റ് എൻബിഎഫ്സികളിൽ, അവർ സമർപ്പിച്ചിട്ടുള്ള രൂപരേഖകൾ അനുസരിച്ച്, പ്രുഡെൻഷ്യൽ നിർദ്ദേശങ്ങൾ പാലിച്ചുവരുന്നവർ തുടർന്നും അവ പാലിക്കണം.

3. 1934-ലെ ആർബിഐ ആക്ടിലെ വകുപ്പുകളിൽ നിന്നും ഒഴിവാക്കപ്പെട്ടവയെ സംബന്ധിച്ച മാസ്റ്റർ നിർദ്ദേശങ്ങൾ, ബാങ്കിംഗിതര ധനകാര്യ കമ്പനി

അവ്യവസ്ഥാപിതമായി പ്രാധാന്യമുള്ള, നിക്ഷേപങ്ങൾ സ്വീകരിക്കാത്ത കമ്പനിയെസംബന്ധിച്ച (റിസർവ്വ്ബാങ്ക്) നിർദ്ദേശങ്ങൾ, 2016, ബാങ്കിംഗിതര ധനകാര്യകമ്പനി-വ്യവസ്ഥാപിതമായി പ്രാധാന്യമുള്ള, നിക്ഷേപങ്ങൾ സ്വീകരിക്കാത്തകമ്പനിയേയും, നിക്ഷേപങ്ങൾ സ്വീകരിക്കുന്ന കമ്പനിയേയും സംബന്ധിച്ച (റിസർവ്വ്ബാങ്ക്) നിർദ്ദേശങ്ങൾ 2016, ബാങ്കിംഗിതര ധനകാര്യ കമ്പനികൾ പൊതുജനങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കൽ (റിസർവ്വ്ബാങ്ക്) നിർദ്ദേശങ്ങൾ 2016 എന്നിവ ഇതിനനുസ്യതമായി നവീകരിച്ചിട്ടുണ്ട്.

4. 1934 ലെആർബിഐ ആക്ട് സെക്ഷൻ 45 NC പ്രകാരമുള്ള ഒഴിവാക്കൽ പിൻവലിച്ചുകൊണ്ടുള്ള വിഞ്ജാപനം പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

വിശ്വാസപൂർവ്വം

**(മനോരഞ്ജൻ മിശ്ര)**
ചീഫ് ജനറൽ മാനേജർ

**അനുബന്ധം**

ഗവൺമെന്റ് എൻ ബി എഫ് സികൾക്ക് മാറ്റങ്ങൾക്കുള്ള സമയക്രമം

| മാനദണ്ഡം | എൻബിഎഫ്സികൾക്ക് ബാധകമായ നിലവിലുള്ള ചട്ടങ്ങൾ | ഗവൺമെന്റ് എൻബിഎഫ്സികൾക്കുള്ള സമയക്രമം |
|---|---|---|
| പ്രുഡെൻഷ്യൽ നിർദ്ദേശങ്ങൾ | | |
| വരുമാനം കണക്കിലെടുപ്പ് | നിർദ്ദിഷ്ഠമായ രീതി | 2019 മാർച്ച് 31 ലെ ബാലൻസ് ഷീറ്റ് |
| ആസ്തി വർഗ്ഗീകരണം | എൻബിഎഫ്സി-എൻഡിഎസ്ഐ, എൻബിഎഫ്സികൾ ഡി 90 ദിവസ മാനദണ്ഡം. എൻബിഎഫ്സി-എൻഡി 180 ദിവസ മാനദണ്ഡം | എൻബിഎഫ്സി -എൻഡിഎസ്ഐയും എൻബിഎഫ്സി-ഡിയും 120 ദിവസങ്ങൾ - മാർച്ച് 31, 2019<br>90 ദിവസങ്ങൾ-മാർച്ച് 31, 2020 എൻബിഎഫ്സി-എൻഡികൾ 180 ദിവസ മാനദണ്ഡം മാർച്ച് 31, 2019 |
| പ്രൊവിഷൻ നൽകേണ്ടവ (Provisioning requirement) | എൻപിഎ കൾക്ക് നിർദ്ദേശങ്ങളിൽ പറഞ്ഞിട്ടുള്ളത് | 2019 മാർച്ച് 31 ന്, നിർദ്ദിഷ്ഠമായതിന്റെ 100% |
| | സ്റ്റാൻഡേർഡ് ആസ്തികൾക്ക് എൻബിഎഫ്സി - എൻഡിഎസ്ഐയും എൻബിഎഫ്സികളും- | |
| | D- 0.4% എൻബിഎഫ്സി കൾ-എൻഡി-0.25% | |
| മൂലധന ആവശ്യകത എൻഡിഎസ്ഐ യ്ക്കും എൻബിഎഫ്സി-ഡി യ്ക്കും ബാധകമായവ | സിആർഎആർ-15% ടയർ 1 10% | 10% (കുറഞ്ഞ ടയർ 1 - 7%) മാർച്ച് 31, 2019<br>12% (കുറഞ്ഞ ടയർ 1 - 8%) മാർച്ച് 31, 2020<br>13% (കുറഞ്ഞ ടയർ 1 - 9%) മാർച്ച് 31, 2021<br>15% (കുറഞ്ഞ ടയർ 1 - 10%) മാർച്ച് 31, 2022 |
| ലിവറേജ് അനുപാതം | എൻബിഎഫ്സി-എൻഡിയ്ക്ക് ബാധകമാംവിധം | 2022 മാർച്ച് 31ന് കൈവരിക്കത്തക്കവണ്ണം ഒരു രൂപരേഖ |

| | | |
|---|---|---|
| | | എൻബിഎഫ്സി -എൻഡി തയ്യാറാക്കണം |
| വായ്പാ/ നിക്ഷേപങ്ങളുടെ സാന്ദ്രീകരണം | നിശ്ചയിച്ചിട്ടുള്ളതുപോലെ | പ്രത്യേക മേഖലകൾക്ക് സേവനം നൽകാൻ വേണ്ടി സ്ഥാപിക്കപ്പെട്ട ഗവൺമെന്റ് കമ്പനികൾ, ഒഴിവാക്കലുകൾ വേണ്ടതുണ്ടെങ്കിൽ, റിസർവ്വ് ബാങ്കിനെ സമീപിക്കേണ്ടതാണ്. മറ്റുള്ളവർക്കുള്ള സമയ പരിധി 2022 മാർച്ച് 31 ലെ ബാലൻസ് ഷീറ്റുവരെ മാത്രം |
| മറ്റുള്ളവർ | | |
| കോർപ്പറേറ്റ് ഭരണം തുടങ്ങിയവ | നിശ്ചയിച്ചിട്ടുള്ളതുപോലെ | 2019 മാർച്ച് 31-ലെ ബാലൻസ് ഷീറ്റുവരെ |
| ബിസിനസ്സ് നിർദ്ദേശങ്ങളുടെ നിർവ്വഹണം (ഫെയർ പ്രാക്ടീസ് കോഡ്) | നിശ്ചയിച്ചിട്ടുള്ളതുപോലെ | 2019 മാർച്ച് 31-ലെ ബാലൻസ് ഷീറ്റുവരെ |
| നിക്ഷേപ സ്വീകരണത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ | | |
| നിക്ഷേപ നിർദ്ദേശങ്ങൾ | എൻബിഎഫ്സി-ഡി യ്ക്ക് നിശ്ചയിച്ചിട്ടുള്ളതുപോലെ | • നിക്ഷേപശ്രേണി ക്രെഡിറ്റ് റേറ്റിംങ്- പൊതുജനങ്ങളിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനു വേണ്ടി-മാർച്ച് 31,2019<br>• നിക്ഷേപഗ്രേഡ് ക്രെഡിറ്റ് റേറ്റിംങ്ങ് ഉള്ള ഒരു ഗവൺമെന്റ് എൻബിഎഫ്സി അതിന്റെ എൻഓ എഫി(NOF)ന്റെ 1.5 ഇരട്ടി മാത്രമേ നിക്ഷേപങ്ങൾ സ്വീകരിക്കാവൂ. ഈ പരിധി എത്തുന്നതു വരെ, അധികമായി നിക്ഷേപങ്ങൾ ഉള്ള |

| | | |
|---|---|---|
| | | ഗവൺമെന്റ് എൻബിഎഫ്സികൾ പുതിയ നിക്ഷേപങ്ങൾ സ്വീകരിക്കാനോ, ഉള്ളവ പുതുക്കി നൽകാനോ പാടില്ല. ഇപ്പോഴുള്ള നിക്ഷേപങ്ങൾ കാലാവധിയെത്തുംവരെ തുടരാൻ അനുവദിക്കാം.<br>• മറ്റെല്ലാ നിർദ്ദേശങ്ങളും 2019, മാർച്ച് 31നുള്ള ബാലൻസ് ഷീറ്റുവരെ ബാധകമായിരിക്കും. |
| നിയമാനുസൃതമായ വകുപ്പുകൾ | | |
| സെക്ഷൻ 45 1B | ആസ്തികൾ സൂക്ഷിക്കേണ്ടതായ ശതമാനം നിലവിലുള്ള നിക്ഷേപങ്ങളുടെ 15% | മാർച്ച് 31, 2019 - നിലവിലുള്ള നിക്ഷേപങ്ങളുടെ 5%.<br>മാർച്ച് 31, 2020 - നിലവിലുള്ള നിക്ഷേപങ്ങളുടെ 10%<br>മാർച്ച് 31, 2021 - നിലവിലുള്ള നിക്ഷേപങ്ങളുടെ 12%<br>മാർച്ച് 31, 2022 - നിലവിലുള്ള നിക്ഷേപങ്ങളുടെ 15% |
| സെക്ഷൻ 45 1C | റിസർവ്വ് ഫണ്ട് | മാർച്ച് 31, 2019 |